ഡോ.കെ.രാമചന്ദ്രൻ

# മോഡ്യൂൾ

# പഠന വിടവുകൾ കണ്ടെത്തുന്നതിലും നികത്തുന്നതിലും സ്കൂൾ മേധാവിയുടെ പങ്ക്

**ആമുഖം**

ഗുണനിലവാരമുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാക്കുക എന്നതാണ് നമ്മുടെ പ്രഖ്യാപിത ലക്ഷ്യം. വിവിധ കാരണങ്ങളാൽ ചില കുട്ടികൾക്ക് നാം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ കൈവരിക്കാനാവുന്നില്ല. ഇത് പഠനവിടവുകൾ സൃഷ്ടിക്കുന്നു. കോവിഡ് കാലത്തുണ്ടായ പഠനാനുഭവങ്ങളുടെ കുറവ് പഠന പിന്തുണ ആവശ്യമുള്ള കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കി. പഠനനേട്ടങ്ങൾ കുട്ടികളിലേക്കെത്തുന്നത് അവർക്കു ലഭിക്കുന്ന പഠനാനുഭവങ്ങളിലൂടെയാണ്. ക്ലാസ്സ് മുറികളിൽ നടക്കുന്ന പഠനപ്രക്രിയകളാണ് പഠനാനുഭവങ്ങൾ ലഭിക്കാനുള്ള പ്രധാന വഴി. വിദ്യസമ്പന്നരായ മധ്യവർഗ രക്ഷിതാക്കൾ കുട്ടികളുടെ പഠനത്തിൽ തല്പരരും സമയം കണ്ടെത്തുന്നവരുമാണ്. ഉയർന്ന ജോലിക്കാരായ രക്ഷിതാക്കൾ സ്വാകാര്യ ട്യൂഷനിലൂടെ പഠനാനുഭവം ലഭ്യമാക്കാൻ ശ്രമിക്കുന്നു. എന്നാൽ സാധാരണക്കാരും കൂലിപ്പണിക്കാരുമായ രക്ഷിതാക്കളുടെ കുട്ടികൾക്ക് വിദ്യാലയത്തിലെ പഠന പ്രവർത്തനങ്ങൾ മാത്രമാണ് ആശ്രയം. അതിനാൽ ക്ലാസ്സ് മുറിയിലെ പ്രവർത്തനങ്ങൾ സൂഷ്മതലത്തിൽ തിരിച്ചറിഞ്ഞാലെ പഠന പിന്നോക്കാവസ്ഥ വ്യക്തമായി മനസ്സിലാക്കാനാവൂ. ഈ ചുമതല പ്രഥമാധ്യാപകനാണ്

| |
|---|
| **പഠന വിടവുകൾ കണ്ടെത്തുന്നതിലും നികത്തുന്നതിലും സ്കൂൾ മേധാവിയുടെ പങ്ക്**<br>**ഫലപ്രദമായി നിർവ്വഹിക്കപ്പെടുന്നുണ്ടോ?** |

## സെഷൻ 1 ഗുണനിലവാരം ഉറപ്പാക്കുന്നതിൽ സ്കൂൾ മേധാവിയുടെ പങ്ക്

ലക്ഷ്യം 1) പഠനപിന്നോക്കാവസ്ഥയുടെ കാരണങ്ങൾ സൂഷ്മവിശകലനം നടത്താനും അവ പരിഹരിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാനും പ്രഥമാധ്യാപരെ പ്രാപ്തരാക്കുക.

2) വിദ്യാലയത്തിലെ സാധ്യതകൾ പ്രയോജനപ്പെടുത്തി ഗുണനിലവാരമുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം നേടാൻ പ്രഥമാധ്യാപകർ നിർവ്വഹിക്കേണ്ട ചുമതലകൾ ബോധ്യപ്പെടുക.

**ഈ മോഡ്യൂളിലൂടെ ചർച്ചചെയ്യപ്പെടുന്ന ആശയങ്ങൾ**

- പഠന പിന്നാക്കാവസ്ഥയും പഠനപിന്തുണ വേണ്ടവരും
- പഠനപിന്തുണവേണ്ടവരെ സൂഷ്മമായും ശാസ്ത്രീയമായും കണ്ടെത്തൽ
- പഠന പിന്നാക്കാവസ്ഥയുടെ കാരണങ്ങൾ
- പഠനപിന്തുണാ പ്രവർത്തനങ്ങൾ
- പഠന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിൽ പ്രഥമാധ്യാപകരുടെ പങ്ക്


**പ്രതികരണ ചോദ്യങ്ങൾ**

വിദ്യാലയത്തിലെത്തുന്ന മുഴുവൻ കുട്ടികൾക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ?
കൂടുതൽ പഠന പിന്തുണ ആവശ്യമുള്ള കുട്ടികൾ ക്ലാസ്സിലുണ്ടോ?
എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്ന കുട്ടിയുടെ അവകാശം പൂർണമായും നേടിയെടുക്കാൻ കഴിയുന്നില്ലേ?
കുട്ടികളിലെ പഠന വിടവ് സ്കൂൾ മേധാവി എന്ന നിലക്ക് പ്രധാനാധ്യാപകർ നേരിടുന്ന ഒരു വെല്ലു വിളിയാണോ?
ഈ ചോദ്യങ്ങളോട് നിങ്ങളുടെ പ്രതികരണം രേഖപ്പെടുത്തുക.

**a) പഠന പിന്നാക്കാവസ്ഥയും പഠനപിന്തുണ വേണ്ടവരും**

2022 ലെ ASER റിപ്പോർട്ട് പരിശോധിക്കു. പട്ടിക വിശകലനം ചെയ്തു നോക്കു. (**Table** )

Reading tool


Std II level text

കണ്ണൻ മാനത്തേക്ക് നോക്കി. മാനത്ത് അതാ മഴവില്ല്. എന്ത് രസമാ മഴവില്ല് കാണാൻ. മഴവില്ലിന് ഏഴു നിറമാ. കണ്ണനറിയാം മഴവില്ല് മാഞ്ഞാൽ മാനം കറുക്കും. പിന്നെ മഴ പെയ്യും. മുറ്റത്ത് വെള്ളം നിറയും. മഴവെള്ളത്തിൽ കടലാസു തോണി ഒഴുക്കി കളിക്കാം. അമ്മ കണ്ടാൽ വഴക്കു പറയും. മഴ നനഞ്ഞാൽ പനി വരും എന്നാ അമ്മ പറയണത്.

Std I level text

മനുവിന്റെ സ്കൂൾ വലുതാണ്. അവിടെ വലിയ മുറ്റം ഉണ്ട്. മുറ്റത്ത് ധാരാളം മരങ്ങളുണ്ട്. മരത്തിൽ നിറയെ പൂക്കളും ഉണ്ട്.

Letters

ക ണ ത
മ വ
സ ശ മ
ച റ

Words

പശു
കിളി
കാക്ക
വാൽ മീൻ

Table 6: Trends over time
Reading in Std V and Std VIII. By school type. 2012, 2014, 2016, 2018, 2022

| Year | % Children in Std V who can read Std II level text | | | % Children in Std VIII who can read Std II level text | | |
|---|---|---|---|---|---|---|
| | Govt | Pvt | Govt & Pvt* | Govt | Pvt | Govt & Pvt* |
| 2012 | 59.9 | 69.0 | 65.2 | 83.9 | 84.6 | 84.3 |
| 2014 | 61.3 | 70.7 | 66.6 | 89.2 | 88.1 | 88.5 |
| 2016 | 63.3 | 74.5 | 69.4 | 83.0 | 87.7 | 85.3 |
| 2018 | 73.3 | 81.8 | 77.6 | 87.0 | 91.9 | 89.1 |
| 2022 | 61.9 | 69.6 | 64.7 | 81.8 | 87.8 | 83.7 |

*This is the weighted average for children in government and private schools only.

രണ്ടാം ക്ലാസ്സ് നിലവാരത്തിലുള്ള ഒരു ടെക്സ്റ്റ് മെറ്റീരിയൽ വായിക്കാൻ നൽകിയപ്പോൾ ക്ലാസ്സ് 5 ലേയും ക്ലാസ്സ് 8 ലേയും കുട്ടികളുടെ പ്രകടനത്തിന്റെ ശതമാനരൂപത്തിലുള്ള കണക്ക് പരിശോധിക്കുമ്പോൾ നാം എത്തിച്ചേരുന്ന നിഗമനങ്ങൾ കുറിപ്പുരൂപത്തിൽ തയ്യാറാക്കു.

| |
|---|
| രണ്ടാം ക്ലാസ്സ് നിലവാരത്തിലുള്ള വായനാസാമഗ്രി വായിക്കാൻ കഴിയാത്ത 35.3% കുട്ടികൾ ഇന്നത്തെ അഞ്ചാം ക്ലാസിലുണ്ട്.16.3% കുട്ടികൾ ഇത്തരത്തിൽ എട്ടാം ക്ലാസ്സിലും ഉണ്ട്. കോവിഡിനു മുമ്പുള്ള കണക്കിനേക്കാൾ പഠനവിടവിന്റെ തോത് കോവിഡിനുശേഷമുള്ള കാലത്ത് കൂടിയിട്ടുണ്ട്. |

ഈ വായനാസാമഗ്രി താങ്കളുടെ വിദ്യാലയത്തിലെ നാലാം ക്ലാസിലും, അഞ്ചാം ക്ലാസ്സിലും നൽകിയാൽ ഈ കണക്കുകളേക്കാൾ മെച്ചപ്പെട്ട റിസൾട്ട് ലഭിക്കുമോ?
പ്രതികരണം കുറിക്കുക.

പ്രഥമാധ്യാപകർ എന്ന നിലക്ക് ക്ലാസിലെ നിലവാരം ഇടക്കൊക്കെ ഇത്തരത്തിൽ വിലയിരുത്താറുണ്ടോ? അധ്യാപകരോട് നടത്താൻ ആവശ്യപ്പെടാറുണ്ടോ? പ്രതികരണം കുറിക്കുക. ASER പോലുള്ള ദേശീയ വിലയിരുത്തലുകളിൽ കേരളത്തിലെ കുട്ടികളുടെ നിലവാരം പരിശോധിച്ചാൽ നാം ലക്ഷ്യമിടുന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യത്തിലെത്താൻ നാം ഏറെ മുന്നേറേണ്ടതുണ്ട് എന്നു കാണാം.

**b) പഠനപിന്തുണ വേണ്ടവരെ സൂഷ്മമായും ശാസ്ത്രീയമായും കണ്ടെത്തൽ**

പഠന പിന്തുണ എല്ലാവർക്കും വേണ്ടതാണ്. പ്രതിഭകളായ കുട്ടികൾക്ക് അവരുടെ താല്പര്യത്തിനും മുന്നോട്ടുപോക്കിനും സഹായകമായ പിന്തുണ നൽകണം.എന്നാൽ അടിസ്ഥാന ഭാഷാ, ഗണിത ശേഷികൾ നേടാത്തവരും ക്ലാസ്സിലുണ്ടാകുമോ? അസർ പോലുള്ള ദേശീയ പഠനങ്ങൾ മാത്രമാണോ പഠനപിന്നോക്കക്കാരെ കണ്ടെത്താനുള്ള വഴി? മറ്റെന്തൊക്കെ പ്രവർത്തനങ്ങളിലൂടെ പഠനപിന്നോക്ക ക്കാരെ കണ്ടെത്താനാവും ? കുറിച്ചു നോക്കാം

- ക്ലാസ്സ് മോണിറ്ററിങ്ങ് സമയത്ത് കുട്ടികളുടെ പ്രകടനങ്ങൾ നേരിട്ട് കാണാം
- കുട്ടികളുടെ നോട്ടുകൾ പരിശോധിച്ചാൽ പിന്നാക്കക്കാരെ കണ്ടെത്താം.
- പ്രതിവാര എസ്.ആർ.ജി മീറ്റിങ്ങിൽ അധ്യാപകർ നൽകുന്ന റിപ്പോർട്ടിലൂടെ
- പരീക്ഷാ പേപ്പർ വിശകലനം നടത്തിയാൽ
- ടീച്ചിങ്ങ് മാന്വലിന്റെ പ്രതികരണ പേജ് നോക്കി മനസ്സിലാക്കാം
- സഹിതം പോർട്ടൽ പരിശോധനയിലൂടെ കണ്ടെത്താം
- പ്രഥമാധ്യാപർക്ക് നേരിട്ട് നിലവാര നിർണയ പ്രവർത്തനങ്ങൾ നടത്തി കണ്ടെത്താം
- NAS, ASER പോലുള്ള റിപ്പോർട്ടുകൾ പരിശോധിച്ച് പൊതുവായ അവസ്ഥ മനസ്സിലാക്കാം

ഇതെല്ലാം കുട്ടികളുടെ നിലവാരം അറിയാനും അളക്കാനും ഉള്ള വഴികളാണ്. ഓരോന്നും സൂഷ്മ ചർച്ചക്ക് വിധേയമാക്കാം..

പഠനപിന്നോക്കാവസ്ഥയുള്ള കുട്ടികളെ കണ്ടെത്തിയാൽ മതിയോ എന്താണ് തുടർ പ്രവർത്തനം?

പ്രഥമാധ്യാപകരുടെ ഒരു ചുമതലയാണ് അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുക എന്നത്. ഇതിന് ഏതെല്ലാം ഘടകങ്ങളെ ഏകോപിപ്പിക്കേണ്ടി വരും? പ്രഥമാധ്യാപകൻ എന്ന നിലക്ക് എന്തൊക്കെ പ്രവർത്തനം ഏറ്റെടുക്കേണ്ടി വരും?

എഴുതി നോക്കാം ചർച്ച ചെയ്യാം

- പരസ്പര ബഹുമാനത്തിൽ അധിഷ്ഠിതമായ അന്തരീക്ഷമൊരുക്കൽ.
- കുട്ടികളെ പഠനസംസ്കാരത്തിലേക്ക് സ്നേഹത്തോടെ നയിക്കൽ
- അധ്യാപകരുടെ കഴിവുകളേയും അറിവുകളേയും ആഴത്തിലുള്ള പഠനപിന്തുണക്കായി ശക്തിപ്പെടു ത്തൽ
- കുട്ടികൾക്ക് പഠനപിന്തുണ നൽകുന്നതിന് രക്ഷിതാക്കളെ പ്രാപ്തരാക്കൽ

- അക്കാദമിക നിലവാരം ഉയർത്താനുള്ള പദ്ധതികളും നയങ്ങളും വിദ്യാലയത്തിൽ രൂപപ്പെടുത്തൽ.

*ഈ ചെക് ലിസ്റ്റ് പൂരിപ്പിച്ചുനോക്കു.*

**ഗുണനിലവാരം ഉറപ്പാക്കാൻ ഞാൻ ചെയ്യുന്ന പ്രവർനങ്ങൾ ( Check List)**

1. അധ്യാപകരുടെ ക്ലാസ്സ് നിരീക്ഷണം നടത്താറുണ്ട്. ☐
2. ടീച്ചിങ്ങ് മാന്വൽ വിലയിരുത്തൽ പ്രതികരണപേജ് പരിശോധിക്കാറുണ്ട് ☐
3. ടേം പരീക്ഷാപേപ്പർ വിശകലനം ക്വാളിറ്റി ട്രാക്കിങ്ങ് നടത്താൻ നേതൃത്വം നൽകും ☐
4. സഹിതം പോർട്ടൽ വിലയിരുത്താറുണ്ട് ☐
5. അധ്യാപകരുടെ തൊഴിൽ നൈപുണി വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടത്താറുണ്ട്. ☐
6. അധ്യാപകരും കുട്ടികളുമായി നിരന്തരം ഇടപഴകി അവരെ വ്യക്തിപരമായ മനസ്സിലാക്കാൻ ശ്രമിക്കാറുണ്ട് ☐
7. എല്ലാ മാസവും CPTA ചേർന്ന് കുട്ടികളുടെ പ്രകടനങ്ങളെ കുറിച്ച് രക്ഷിതാക്കളെ ബോധ്യപ്പെടുത്താറുണ്ട്. ☐

8. പഞ്ചായത്ത് എഡ്യൂക്കേഷൻ കമ്മിറ്റിയിൽ കുട്ടികളുടെ ☐

അക്കാദമിക നിലവാരം ചർച്ചാ വിഷയമാക്കണമെന്ന്

ആവശ്യപ്പെടാറുണ്ട്.

ടിക് ഇടാൻ കഴിയാത്ത പ്രസ്താവനകൾ ചെയ്യാൻ കഴിയാത്ത പ്രവർത്തനങ്ങളുമാണല്ലോ? ഈ ചെക് ലിസ്റ്റിൽ പൂർണമായും ടിക് മാർക്ക് ചെയ്യാൻ, നാം സ്വയം എന്ത് മാറ്റം വരുത്തണം?

കുട്ടികളുടെ പഠനനിലവാരം വിവിധ ഘടകങ്ങളെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. പഠനനിലവാരത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതൊക്കെയാണ് ? ലിസ്റ്റ് ചെയ്തുനോക്കു
തയ്യാറാക്കിയ ലിസ്റ്റിൽ ഇവ ഉൾപ്പെടുന്നുണ്ടോ?

- കുട്ടികളുടെ താല്പര്യക്കുറവ്
- സ്ഥിരമായി വിദ്യാലയത്തിൽ വരാത്ത അവസ്ഥ
- വിരസമായ പഠനരീതികൾ (ആവർത്തനം, പകർത്തിയെഴുത്ത് ,അമിത ഹോം വർക് Etc.....)
- രക്ഷിതാക്കൾ ശ്രദ്ധിക്കുന്നില്ല.
  പഠനപ്രക്രിയയിലെ വൈവിധ്യമില്ലായ്മ

ലിസ്റ്റിൽ വന്ന ഘടകങ്ങൾ വിവിധ വിഭാഗങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു. കുട്ടി, അധ്യാപകർ, രക്ഷിതാക്കൾ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, പ്രഥമാധ്യാപകർ എന്നിങ്ങനെ ഈ രംഗത്തു പ്രവർത്തിക്കുന്ന എല്ലാ വിഭാഗത്തേയും ആശ്രയിച്ചാണ് ഗുണനിലവാരം നിലകൊള്ളുന്നത്. ഗുണനിലവാരം ഉറപ്പാക്കാൻ ഈ ഘടകങ്ങളെ എങ്ങനെ മാറ്റിയെടുക്കണം?

കുട്ടി - കുട്ടികളെ താല്പര്യവും ആവശ്യബോധവുമുള്ള വരാക്കി മാറ്റണം

അധ്യാപകർ - വൈവിധ്യമാർന്ന പഠനപ്രക്രിയ രൂപപ്പെടുത്താനും പ്രവർത്തനങ്ങളിൽ നൂതനത്വം ഉറപ്പാക്കാനും അധ്യാപകരെ പ്രേരിപ്പിക്കണം

രക്ഷിതാവ് - പഠനപിന്തുണനൽകാനും, വീട്ടിൽ പഠനാന്തരീക്ഷം ഒരുക്കാനും രക്ഷിതാക്കളെ പ്രാപ്തരാക്കണം

LSG - വിവിധ പദ്ധതികൾ, പിന്തുണാസംവിധാനങ്ങൾ (കുട്ടികൾക്ക്, വിദ്യാലയത്തിന്....) എന്നിവ ഒരുക്കാൻ LSG യോട് ആവശ്യപ്പെടണം

പ്രഥമാധ്യാപകൻ - മോണിറ്ററിങ്ങ് ശക്തമാക്കണം അധ്യാപകർക്ക് പിന്തുണനൽകണം, നിലവാരം ഉൾപ്പെടെ എസ്.ആർ.ജിയിലും കോൺഫറൻസുകളിലും റിപ്പോർട്ടിങ്ങ് നടത്തണം

മുകളിൽ പറഞ്ഞവ ഉറപ്പുവരുത്താൻ എന്തൊക്കെ പ്രവർത്തനങ്ങൾ പ്രഥമാധ്യാപൻ ഏറ്റെടുക്കണം ? ഓരോ മേഖലയുടേയും മെച്ചപ്പെടലിനുള്ള പ്രവർത്തനങ്ങൾ കുറിച്ചുവെക്കുക.

**വായനാസാമഗ്രി (Reading material)** വായിച്ച് നേരത്തേ കുറിച്ചുവെച്ചത് മെച്ചപ്പെടുത്തുക.

**പരസ്പരബഹുമാനത്തിൽ അധിഷ്ഠിതമായ അന്തരീക്ഷമൊരുക്കൽ.**

- ഒരുമിച്ചുള്ള യാത്രകൾ സംഘടിപ്പിക്കൽ, മറ്റുള്ളവരെ കേൾക്കൽ, പ്രയാസങ്ങൾ പങ്കുവെക്കൽ .
- കുടുംബ സംഗമങ്ങൾ, സന്ദർശനങ്ങൾ സംഘടിപ്പിക്കൽ
- മറ്റുള്ളവരുടെ പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകൽ ,പ്രോത്സാഹിപ്പിക്കൽ
- സ്കൂൾ മികവുകളുടെ ക്രഡിറ്റ് എല്ലാവർക്കുമായി പങ്കുവെക്കൽ
- പ്രശ്നപരിഹരണത്തിന് സംഘമായ ഇടപെടൽ നടത്തൽ

**കുട്ടികളെ പഠനസംസ്കാരത്തിലേക്ക് സ്നേഹത്തോടെ നയിക്കൽ**

- മോട്ടിവേഷൻ ക്ലാസ്സുകൾ നൽകി കുട്ടികളുടെ പ്രതീക്ഷകളെ ഉയർത്തൽ.
- മെന്ററിങ്ങ് രീതി ശക്തമായി നടപ്പാക്കൽ
- ഭവനസന്ദർശനം
- പഠനപിന്തുണ നൽകൽ, നല്ല പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകൽ

**അധ്യാപകരുടെ തൊഴിൽ നൈപുണി വികസിപ്പിക്കൽ**

- നൂതനാശയങ്ങൾ പങ്കുവെക്കലും ചർയും
- വൈവിധ്യമാർന്ന പ്രായോഗിക പരിശീലനങ്ങൾ സംഘടിപ്പിക്കൽ
- നൂതനപ്രവർത്തനങ്ങൾ നടക്കുന്ന വിദ്യാലയസന്ദർശനം
- നൂതനസാങ്കേതിക വിദ്യയിലധിഷ്ഠിതമായ പെഡഗോജി പരിശീലനവും, രൂപപ്പെടുത്തലും പ്രയോഗവൽക്കരിക്കലും

**കുട്ടികൾക്ക് പഠന പിന്തുണ നൽകുന്നതിന് രക്ഷിതാക്കളെ പ്രാപ്തരാക്കൽ**

- സമീപനങ്ങളും ,പഠനപ്രക്രിയകളും ഉൾപ്പെടെ സമഗ്ര രക്ഷാകർതൃ പരിശീലനം നടപ്പാക്കൽ
- റിസോഴ്സ് മാപ്പിങ്ങ് നടത്തി രക്ഷിതാക്കളുടെ വിവിധ കഴിവുകൾ അടയാളപ്പെടുത്തുക.
- രക്ഷിതാക്കളെ പ്രവർത്തനങ്ങളിൽ പങ്കാളിയാക്കൽ.
- സ്കൂൾ സമഗ്ര വികസനപദ്ധത രൂപീകരണത്തിലും നടത്തിപ്പിലും രക്ഷിതാക്കളെ പങ്കാളികളാക്കുക

ഗുണനിലവാരം ഉയർത്തുന്നതിന് ഓരോ മേഖലയിലും ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ വായിച്ചോ? ഇതിൽ. ഇനി എന്തൊക്കെ പ്രവർത്തനങ്ങൾ കൂട്ടിച്ചേർക്കാനുണ്ട്? ഓരോ പ്രവർത്തനവും നടപ്പാക്കാൻ എന്തൊക്കെ തയ്യാറെടുപ്പ് വേണ്ടിവരും ? കുറിപ്പാക്കി എഴുതി അവതരിപ്പിക്കു.
പഠന പിന്നോക്കാവസ്ഥയുടെ കാരണം സ്കൂൾ അനുഭവങ്ങളുടെ കുറവുമാത്രമാണോ? മറ്റ് വല്ല കാരണങ്ങളുമുണ്ടോ?

**ഈ അനുഭവക്കുറിപ്പ് വായിച്ചുനോക്കു ( case 1 )**

**അനുബന്ധം 1**

*എസ്.എസ്.എൽ.സി പരീക്ഷയിൽ ഫുൾ എ പ്ലസ് നേടിയ അനാമികയെ ക്ലബ്ബ് നടത്തുന്ന അനുമോദനച്ചടങ്ങിലേക്ക് ക്ഷണിക്കാനാണ് ക്ലബ്ബ് ഭാരവാഹിയായ ഞാൻ ആ വീട്ടിലെത്തിയത്.*
*സാരികൊണ്ട് മറച്ച ഒരു ഒറ്റ മുറിയിലേക്കാണ് അവളുടെ*

അയൽക്കാർ എന്നെ കൊണ്ടെത്തിച്ചത്. ആളില്ലാത്ത ആ കുടുസ്സുമുറിയുടെ മുന്നിൽ നിന്ന് അറിയാതെ ചോദിച്ചു.
ഇതാണോ അനാമികയുടെ വീട്?
അതെ സാർ ....എന്താണ് കാര്യം?അവൾ ചെറിയമ്മടെ വീട്ടിലായിരിക്കും, അമ്മ വരുന്നതു വരെ മക്കളെ അവടെ ആക്കിയാണ് പോകാർ... അയൽക്കാർ വെളിപ്പെടുത്തി.
ഫുൾ എ പ്ലസ് കിട്ടിയ കുട്ടികളെ അനുമോദിക്കുന്ന ചടങ്ങിലേക്ക് വരണമെന്നു പറയാനാണ് ഞാൻ വന്നത് .ഈ കുട്ടിയുടെ അച്ഛനും അമ്മയും എവിടെയാണ്?



അച്ഛൻ കിണറ്റിൽ വീണ് മരിച്ചു സാറെ! മൂന്ന് കൊല്ലായി ...അമ്മക്ക് പെട്രോൾ പമ്പിലാണ് പണി .രാവിലെ 6 മണിക്ക് പോയാൽ രാത്രി 7 മണിക്കേ തിരിച്ചെത്തു. അതുവരെ അവളും അനിയത്തിയും ചെറിയമ്മയുടെ വീട്ടിലാവും.

അനിയത്തി ഏത് ക്ലാസ്സിലാ?
നാലിൽ .... അവരെ വിളിക്കണോ സാറെ?
ഒന്നു നേരിൽ കാണാമായിരുന്നു.
അല്പസമയം കാത്തിരിരുന്നപ്പോഴേക്കും അയൽവീട്ടിലെ ഒരു കുട്ടി പോയി അവരെ വിളിച്ചു കൊണ്ടുവന്നു.
ഫുൾ എ പ്ലസുകാരിയാണെങ്കിലും ...ആത്മവിശ്വാസം നഷ്ടപ്പെട്ടപോലെ അവൾ നിന്നു
ഇതാണോ നിന്റെ വീട്? അതെ എന്നോ അല്ലെന്നോ പറയാത്ത തലയാട്ടൽ മാത്രം
അപ്പുറത്ത് അച്ഛന്റെ മരണത്തോടെ പാതി വഴിയിൽ നിർത്തിയ ലൈഫ് വീടിന്റെ അസ്ഥി കൂടരൂപത്തിലേക്ക് ഒരു നിമിഷം അവളുടെ കണ്ണുകൾ പാളുന്നത് ഞാൻ കണ്ടു.....
വിഷയം മാറ്റാനാണ് എ പ്ലസ് കിട്ടിയതറിഞ്ഞ് ആരൊക്കെ വീട്ടിൽ വന്നു? എന്ന ചോദ്യം ചോദിച്ചത്.
ഉത്തരം നേർത്ത ഒരു പുഞ്ചിരിമാത്രം...
ഇവിടെയൊന്നും ആരും വരാറില്ല സാറെ? അയൽക്കാരാണ് ചോദ്യത്തിന് നീരസത്തോടെ ഉത്തരം പറഞ്ഞത്... സ്കൂൾ എസ്. എം. സി യോഗത്തിൽ മോശം കുട്ടികളുടെ രക്ഷിതാക്കൾ മീറ്റിങ്ങിനു സ്ഥിരം വരാറില്ലെന്ന് പരാതി പറഞ്ഞ ടീച്ചറെ അപ്പോൾ

*എനിക്കോർമ്മവന്നു.....*
*കൈകൂപ്പി ചടങ്ങിന് ക്ഷണിച്ച് ഞാൻ മടങ്ങി ....*

അനുഭവക്കുറിപ്പ് വായിച്ചോ ? ഇതുപോലെ ഉള്ളിൽ തട്ടുന്ന അനുഭവങ്ങൾ പങ്കുവെക്കാനുണ്ടോ?

പഠനപിന്നാക്കാവസ്ഥയുടെ യഥാർത്ഥ കാരണങ്ങൾ സൂഷ്മമായി പരിശോധിക്കേണ്ടതുണ്ടോ? അത് എങ്ങനെവേണം നിങ്ങളുടെ അഭിപ്രായം കുറിക്കു.

**c) പഠന പിന്നാക്കാവസ്ഥയുടെ കാരണങ്ങൾ**

- വീട്ടിലെ സാഹചര്യം, രക്ഷിതാക്കളുടെ അവസ്ഥ
- വേണ്ടത്ര അഭിപ്രേരണ ഇല്ലാത്തത്.
- പഠനാനുഭവങ്ങളുടെ കുറവ്.
- പരിഗണന നൽകാറില്ല.
- ആകർഷകമല്ലാത്ത വിദ്യാലയാന്തരീക്ഷം
- കുട്ടികളുടെ സ്കോളർഷിപ് ഉൾപ്പെടെ സമയത്ത് ലഭിക്കായ്ക
-

പഠന പിന്നാക്കാവസ്ഥയുടെ കാരണങ്ങളെ അധ്യാപകരുമായി ബന്ധപ്പെട്ടത്, വിദ്യാലയാന്ത രീക്ഷവുമായി ബന്ധപ്പെട്ടത്, വീടും രക്ഷിതാക്കളുമായി ബന്ധപ്പെട്ടത്, വിദ്യാഭ്യാസ സംവിധാനവുമായി ബന്ധപ്പെട്ടവ എന്നിങ്ങനെ തരംതിരിച്ച് പരിശോധിച്ചാൽ മേൽപ്പറഞ്ഞവയിൽ എന്തൊക്കെ കൂട്ടിച്ചേർക്കൽ വേണ്ടിവരും?

പഠനപിന്നാക്കാവസ്ഥയുടെ യാഥാർത്ഥ കാരണങ്ങൾ കണ്ടെത്താനും പരിഹരിക്കാനും എന്തൊക്കെ പ്രവർത്തനം നടത്തേണ്ടിവരും? പട്ടികപ്പെടുത്തിനോക്കു.

| **കാരണം** | **കണ്ടെത്താനുള്ള വഴി** | **പരിഹാരം** |
|---|---|---|
| വീട്ടിലെ സാഹചര്യം, | ഗൃഹസന്ദർശനം | വ്യക്തിഗത പദ്ധതി രൂപപ്പെടുത്തൽ (Individualised Plan)<br>സൂഷ്മപദ്ധതി രൂപപ്പെടുത്തൽ (Micro plan) |
| വേണ്ടത്ര അഭിപ്രേരണ ഇല്ലാത്തത്. | ക്ലാസ്സ് നിരീക്ഷണം | മോട്ടിവേഷണൽ ക്ലാസ്സ് സംഘടിപ്പിക്കൽ |

| | | |
|---|---|---|
| പഠനാനുഭവങ്ങളുടെ കുറവ്. | ടി.എം വിലയിരുത്തൽ, മോണിറ്ററിങ്ങ് | വിദഗ്ധരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കൽ |
| ........... | .......... | ............. |

**d) പഠനപിന്തുണാ പ്രവർത്തനങ്ങളും പിന്നാക്കാവസ്ഥ പരിഹരിക്കലും**

താഴെ പറയുന്ന ചോദ്യങ്ങളോട് പ്രതികരിക്കൂ

എസ്.ആർ.ജിയിൽ പഠനിലവാരവുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്താറുണ്ടോ? നിലവാരം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ കൂട്ടായി തയ്യാറാക്കാറുണ്ടോ?

പഞ്ചായത്ത് എഡ്യൂക്കേഷൻ കമ്മിറ്റിയിൽ പഠനിലവാരവുമായി ബന്ധപ്പെട്ട ചർച്ചകൾ നടക്കേണ്ടതുണ്ടോ?

സി.പി.ടി.എ യോഗത്തിൽ കുട്ടികളുടെ ഗുണാത്മക പ്രകടനങ്ങളും മെച്ചപ്പെടുത്തേണ്ട മേഖലകളും ചർച്ചചെയ്യാൻ നിർദ്ദേശിക്കാറുണ്ടോ?

പഠന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് ഒറ്റമൂലികളില്ല. സംഘമായ യജ്ഞ്ത്തിന്റേയും കൂടിയാലോചനകളുടേയും ഭാഗമായി ഒരു സംസ്കാരമായി വളർത്തേണ്ട പ്രക്രിയയാണത്. ഓരോ കുട്ടിയുടേയും പിന്നാക്കാവസ്ഥ വ്യത്യസ്തമായിരിക്കും .ചിലത് പൊതുവായി പരിഹരിക്കേണ്ടതാവും ഇതിന് എന്തൊക്കെ പ്രവർത്തനം ഏറ്റെടുക്കണം?

- പഠനപിന്നാക്കാവസ്ഥയെ സൂക്ഷ്മമായി മനസ്സിലാക്കൽ
- വ്യക്തിഗത പദ്ധതികളും ,പൊതു പദ്ധതികളും രൂപപ്പെടുത്തൽ
- അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ
- സമീപനങ്ങൾക്കും നയങ്ങൾക്കും അനുസരിച്ച് പരിഹാരപ്രവർത്തന പാക്കേജുകൾ രൂപപ്പെടുത്തൽ
- അനുയോജ്യ സമയം കണ്ടെത്തി പഠന പിന്തുണ ഉറപ്പാക്കൽ
- നിരന്തര വിലയിരുത്തൽ ശക്തമാക്കൽ
-
-

ഇവ ഓരോന്നും നടപ്പാക്കുന്നതിനുള്ള സൂക്ഷ്മപ്രക്രിയ എഴുതിനോക്കു. തുടർന്ന് സൂക്ഷ്മപ്രക്രിയ തയ്യാറാക്കിയ ഒരു ഉദാഹരണവുമായി തട്ടിച്ചുനോക്കു (Annexure1)

പ്രത്യേക മേഖലകളിലേക്ക് പദ്ധതി തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അധിക വായനക്ക് അനുബന്ധം 2 നോക്കുക.

**e) പഠന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിൽ പ്രഥമാധ്യാപകരുടെ പങ്ക്**

ഇതുവരെ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ പഠനപിന്നാക്കാവസ്ഥ പരിഹരിക്കുന്നതിൽ വിദ്യാലയമേധാവി നടത്തേണ്ട ഇടപെടലുകളും ചുമതലകളും എഴുതിത്തയ്യാറാക്കു.
ഈ ചുമതലകൾ നിങ്ങൾ രേഖപ്പെടുത്തിയോ? ഇതിൽ നിന്നും വ്യത്യസ്തമായ ഏതൊക്കെ ചുമതലകളാണ് നിങ്ങൾ അധികമായി തയ്യാറാക്കിയത്. താരതമ്യം ചെയത് വ്യക്തമാക്കു.

- ക്ലാസ്സ് നിരീക്ഷണം,മോണിറ്ററിങ്ങ്
- എസ്.ആർ.ജി നടത്തിപ്പ്
- ക്വാളിറ്റി ട്രാക്കിങ്ങിന് നേതൃത്വം നൽകൽ
- പ്രചോദനാത്മകമായ അന്തരീക്ഷം വിദ്യാലയത്തിൽ ഒരുക്കൽ
- അധ്യാപകശാക്തീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ
- വിദ്യർത്ഥകളിൽ താല്പര്യവും അഭിവാഞ്ഛയും വളർത്താൻ വേണ്ട നടപടി സ്വീകരിക്കൽ
- രക്ഷാകർതൃ പരിശീലനങ്ങൾക്ക് നേതൃത്വം നൽകൽ

**ക്രോഡീകരണം**

കുട്ടികളുടെ പഠനപിന്നാക്കാവസ്ഥ കണ്ടെത്തുന്നതിലും പരിഹാര പ്രവർത്തനങ്ങൾ നടത്തുന്നതിലും വിദ്യാലയമേധാവിക്ക് നിർണായക പങ്കാണ് വഹിക്കാനുള്ളത്. അടിസ്ഥാനശേഷീ വികാസം വിദ്യാലയത്തിന്റെ ഉത്തരവാദിത്വമാണ്. നിപുൺ ഭാരത് പദ്ധതി പോലുള്ള പ്രവർത്തനങ്ങൾ ഇതിന്നായി നടക്കുന്നുണ്ട്. ദേശീയതലത്തിൽ മിഷൻ രൂപത്തിലാണ് ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്നത്. യു.എൻ.പോലുള്ള ഏജൻസികളും പഠന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിൽ വിദ്യാലയ മേധാവിക്കുള്ള ഉത്തരവാദിത്വം സൂചിപ്പിച്ചിട്ടുണ്ട്

....................................

അനുബന്ധം 2

അക്കാദമികാസൂത്രണവും പാർശ്വവൽകൃതരോടുള്ള പരിഗണനയും

നമ്മുടെ ക്ലാസ്മുറികൾ വൈവിധ്യങ്ങളുടെ കലവറയാണ്. എന്നാൽ അക്കാദമികാസൂത്രണത്തിൽ ഈ ഘടകത്തിന് വേണ്ടത്രപരിഗണന ലഭിക്കുന്നില്ലന്നത് വസ്തുതയാണ്. ഇത് വിദ്യാഭ്യാസ ഗുണ മേന്മയേയും അവസര സമത്വത്തേയും ഗുരുതരമായി ബാധിക്കുന്നു.

- ക്ലാസ്മുറിയിലെ വൈവിധ്യത്തെ പരിഗണിച്ചുകൊണ്ടുള്ള ആസൂത്രണം അനിവാര്യമാണ്.
- എല്ലാകുട്ടികളേയും ഒരേ നിലവാരത്തിലെത്തിക്കുന്നതിനേക്കാൾ ഒരോകുട്ടിക്കും പഠിക്കാനും വളരുവാനും അവസരമൊരുക്കുക എന്നതിന് ഊന്നൽ നൽകണം.
- ബഹുഭാഷാ സാഹചര്യങ്ങൾ പരിഗണിക്കുകയും എല്ലാ ഭാഷാവിഭാഗത്തിനും ഒന്ന് രണ്ട് ക്ലാസുകളിലെങ്കിലും അവരുടെ ഭാഷയിൽ ആശയവിനിമയം ചെയ്യുവാൻ അവസരമൊരുക്കുന്നത് ആസൂത്രണത്തിന്റെ ഭാഗമായി മാറണം.
- കുട്ടിയുടെ കുടുംബവുമായി ബന്ധപ്പെട്ടും അവന്റെ ആവാസകേന്ദ്രവുമായി ബന്ധപ്പെട്ടുമുള്ള വെല്ലുവിളികളെക്കൂടി അക്കാദമിക ആസൂത്രണത്തിൽ പരിഗണിക്കണം. ഇവയിൽ വിദ്യാലയത്തിന് പരിഗണിക്കാവുന്നവയും മറ്റ് ഏജൻസികളുടെ പിന്തുണയോടെ പ്രശ്നപരിഹരണം നടത്താവുന്നവയും സ്പഷ്ടമാക്കണം.
- വിദ്യാലയാന്തരീക്ഷം വിവേചനരഹിതമാക്കുന്നതിനുള്ള ആസൂത്രണം അനിവാര്യമാണ്.
- സമൂഹത്തിൽ നിലനിൽക്കുന്ന മുൻവിധികൾക്ക് പരിഹാരം കാണുവാനാവശ്യമായ പദ്ധതികൾ ആക്കാദമിക ആസൂത്രണത്തിൽ ഉൾപ്പെടുത്തണം
- തുല്യപരിഗണനക്ക് ബദലായി ആവശ്യാധിഷ്ഠിതമായ പരിഗണനയായിരിക്കണം നൽകേണ്ടത്.
- കുട്ടികൾ വിദ്യാലയത്തിലെത്തുവാൻ നേരിടുന്ന വെല്ലുവിളികൾകൂടി നമ്മുടെ ആസൂത്രണത്തിന്റെ ഭാഗമായി മാറണം (ഗതാഗതം, കാലാവസ്ഥാപരമായ അപകടഭീഷണികൾ, ദാരിദ്ര്യം)
- വിദ്യാലത്തിൽ കണ്ടെത്തിയ പ്രശ്നങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ചർച്ച ചെയ്ത് പ്രശ്നപരിഹരണത്തിനാവശ്യമായ ആസൂത്രണം അവരുടെ പദ്ധതിയുടെ ഭാഗമാക്കി മാറ്റണം (ആവാസ കേന്ദ്രീകൃതമായ പരിഗണനക്ക് ഊന്നൽ നൽകണം)
- കുട്ടികയുടെ ആവാസകേന്ദ്രത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും വിദ്യാലയത്തിലെത്തുന്നതിനുള്ള വെല്ലുവിളികൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ വേണം.
- ഉള്ളടക്കത്തിലും വിനിമയത്തിലും അഭികാമ്യമായ കൂട്ടിചേർക്കലുകൾ അക്കാദമികാസൂത്രണത്തിന്റെ ഭാഗമായി പരിഗണിക്കണം. വിശേഷിച്ചും ഗോത്രമേഖലയിലെ വിദ്യാലയങ്ങളെ സംബന്ധിച്ച്.
- കുട്ടികളുടെ സാംസ്കാരി സവിശേഷതകളെ അക്കാകദമിക ആസുത്രണത്തിൽ വിശദമായി പരിഗണിക്കണം.
- കുട്ടിയുടെ ജൈവ പരിസരവും സാമുഹ്യപരിസരവും ആസൂത്രണത്തിന്റെ ഭാഗമാക്കണം.
- പട്ടികജാതി പട്ടികവർഗക്കാർ കൂടുതലായി അധിവസിക്കുന്ന തദ്ദേശസ്വയംഭരണ പ്രദേശങ്ങളിൽ അതുകൂടി പരിഗണിച്ചുകൊണ്ടുള്ള പദ്ധതി ആസൂത്രണത്തിന് വിദ്യാലയങ്ങൾ ആവശ്യമായ പിന്തുണ ലഭ്യമാക്കേണ്ടതാണ്.
- നിലവിലെ പദ്ധതികൾ വിശകലനവിധേയമാക്കകെയും പരമമിതികൾ പരിഹരിച്ച് നടപ്പിലാക്കുവാനും ആസൂത്രണരേഖയിൽ ഇടംനൽകണം.
-

**അനുബന്ധം 1**

**പ്രവർത്തന പദ്ധതി**

പ്രശ്നം- അടിസ്ഥാനശേഷി നേടാത്ത കുട്ടികൾ ക്ലാസ്സിലുണ്ട്

**പ്രവർത്തനം 1-1പ്രീ ടെസ്റ്റ് ( ശരിയായ അവസ്ഥാ വിശകലനത്തിന്)**

ഉപപ്രവർത്തനങ്ങൾ

1 ആശയരൂപീകരണം
2 ചോദ്യാവലി നിർമ്മാണം
3 പ്രീടെസ്റ്റ് നടത്തൽ
4 മൂല്യനിർണയവും ഫലവിശകലനവും
5 റിപ്പോർട്ട് തയ്യാറാക്കൽ അവതരണം

**പ്രവർത്തനം 1-2-അടിസ്ഥാനഭാഷാ ശേഷീ വികസന പരിപാടി**

ഉപപ്രവർത്തനങ്ങൾ

1 ആശയരൂപീകരണം
2 പരിഹാര പ്രവർത്തന പാക്കേജ് മോഡ്യൂൾ രൂപപ്പെടുത്തൽ, പ്രിന്റിങ്ങ്
3 ക്ലാസ്സുകളിൽ പ്രവർത്തനം നൽകൽ
4 വിലയിരുത്തലും അവലോകനവും

**പ്രവർത്തനം1-3 പ്രക്രിയാബന്ധിതവും ശിശുകേന്ദ്രീകൃതവും ഐസി.ടി അധിഷ്ഠിതവും ആയ ആസൂത്രണം**

1 ഐ.സി.ടി സാധ്യതകൾ ഒരുക്കൽ
2 പ്രക്രിയബന്ധിതമായ പാഠാസൂത്രണം
3 ഐ.സി.ടി സാധ്യതകൾ കണ്ടെത്തൽ
4 ബ്ലൻഡഡ് ലേണിങ്ങ് സാധ്യതകൾ കണ്ടെത്തൽ
5 മീഡിയാ അധിഷ്ഠിത പെഡഗോജിയിലും, ആധുനിക ടെക്നോളജിയിലും അധ്യാപകർക്ക് പരിശീലനം

**പ്രവർത്തനം 1-4 സി.പി.ടി.എ ഫലപ്രദമാക്കൽ**

1 സി.പി.ടി.എ ആശയരൂപീകരണം
2 സി.പി.ടി.എ മോഡ്യൂൾ വികസിപ്പിക്കൽ
3 മാസം ഒരു സി.പി.ടി എ വിളിച്ചു ചേർക്കൽ
4 സി.പി.ടി.എ യിൽ കുട്ടികളുടെ ഗുണാത്മക കുറിപ്പുകൾ അവതരിപ്പിക്കൽ കുട്ടികളുടെ പെർഫോമൻസ് അവതരിപ്പിക്കൽ, പ്രീടെസ്റ്റ് ഫലം അവതരണം

5 രക്ഷിതാക്കളുടെ പ്രത്യേക ടാലന്റുകൾ അവതരിപ്പിക്കൽ

**പ്രവർത്തനം 1-5 ഭാഷാശില്പശാലകൾ (കഥ,കവിത,നാടകം)**

1 പാഠപുസ്തകത്തിലെ കഥകളെ അടിസ്ഥാനമാക്കി ശില്പശാലസംഘടിപ്പിക്കൽ
2 കവിതാ ശില്പശാല, കവിതകളുടെ ദൃശ്യവിഷ്കാരം
3 അനുയോജ്യ പാഠഭാഗങ്ങളെ നാടകീകരിക്കൽ